# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026



## ജി.ഡി.എം.എൽ.പി സ്കൂൾ വലപ്പാട്

# ഉള്ളടക്കം


- ആമുഖം
- വിദ്യാലയചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം
- പദ്ധതി രൂപീകരണപ്രക്രിയ
- നിലവിലെ അവസ്ഥാവിശകലനം
- പദ്ധതി വിശദാംശങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിംഗ് രീതി
- ഉപസംഹാരം

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അഞ്ചുവർഷ ത്തേക്കുള്ള ഗുണമേന്മ വിദ്യാലയ വികസനപദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിൽ ഊന്നിയാണ് വിദ്യാലയ വികസനപദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്. ഭൗതികവും, അക്കാദമികവും, സാമൂഹികവുമായ മേഖലകളിലെ വികസനം ലക്ഷ്യമാക്കി കൊണ്ടാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. സമഗ്ര വിദ്യാലയവികസനത്തിനുവേണ്ടി അഞ്ച് വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ ഈ പദ്ധതി ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം യാഥാർത്ഥ്യമാകുമ്പോൾ മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാകും. അവസരതുല്യത, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കുന്ന പഠനപരിസരവും പഠനാന്തരീക്ഷവും വികസിക്കും. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ് മുറികളും ഹൈടെക് ആകും. ക്ലാസ് മുറികൾ സ്മാർട്ടാകും. മുഴുവൻ വിദ്യാലയങ്ങളിലും ജൈവ വൈവിധ്യ ഉദ്യാനം നിലവിൽവരും. കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം സാക്ഷാത്കരിക്കും.

പരിസ്ഥിതി സംരക്ഷണ പരിസ്ഥിതിപഠന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കും. ശാസ്ത്രീയമായ പ്രീ സ്കൂൾ വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കും. വിദ്യാലയ അന്തരീക്ഷം കൂടുതൽ ആകർഷകമാക്കുന്നതോടൊപ്പം പിന്തുണ നൽകിയും വിദ്യാലയത്തിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുവാൻ സാധിക്കും.

പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർ മുഖ്യധാരയിലെത്തുകയും കഴിവിന്റെ സാധ്യമായ ഉയർന്ന തലത്തിലേക്ക് എത്തിച്ചേരുകയും ചെയ്യും.

കുട്ടികളുടെ മാനസിക സംഘർഷത്തിനും പിരിമുറുക്കത്തിനും അയവു വരുത്താനുള്ള കൗൺസലിംഗ സൗകര്യങ്ങൾ എല്ലാ വിദ്യാലയത്തിലും ഉണ്ടാകും. പ്ലാസ്റ്റിക് വിമുക്തവും കീടനാശിനി വിമുക്തവും ലഹരി വിമുക്തവുമായ കാമ്പസ് രൂപപ്പെടും. കാർഷിക സംസ്കാരമുള്ള പുതിയ തലമുറ വളരും കലാകായിക പ്രവൃത്തി പരിചയവിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സൗകര്യങ്ങൾ സൃഷ്ടിക്കപ്പെടും, കുട്ടികൾക്ക് മൂന്നുഭാഷ അനായാസമായി കൈകാര്യം ചെയ്യാൻ കഴിയും. ഏറ്റവും മികച്ച വിദ്യാഭ്യാസം പൊതുവിദ്യാലയങ്ങളിലൂടെ ലഭ്യമാകും. പൊതുവിദ്യാഭ്യാസ മേഖലയിലെ എല്ലാ സ്ഥാപനങ്ങളും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചു പ്രവർത്തിക്കും.

# വിദ്യാലയത്തിന്റെ ലഘുചരിത്രം

ഒരു ദേശത്തിന്റെ അക്ഷര സ്വപ്നങ്ങളിൽ വെളിച്ചം പകരുകയും ദേശത്തിന്റെ നവോത്ഥാനത്തിലും ചരിത്രപരമായ പരിണാമത്തിലും നിർണ്ണായകമായ ശക്തിയായി മാറിയ വിദ്യാകേന്ദ്രമാണ് വലപ്പാട് ജി.ഡി.എം. എൽ.പി. സ്കൂൾ. ശ്രീനാരായണഗുരു വചനങ്ങളിൽ പ്രചോദിതമായിക്കൊണ്ട് നാട്ടിക മണപ്പുറത്തിന്റെ ആധുനികശില്പി എന്നറിയപ്പെടുന്ന ബഹു: എ.പി. രാമൻ അവർകളാണ് ഈ വിദ്യാലയത്തിന് പ്രാരംഭം കുറിച്ചത്. 1922 ലായിരുന്നു അത്. മലബാർ ഡിസ്ട്രിക്ട് ബോർഡ് അംഗം കൂടിയായിരുന്ന അദ്ദേഹം വിദ്യാലയത്തിന് ജി.ഡി.എം. എന്നാണ് നാമകരണം ചെയ്തത്. ബ്രിട്ടീഷ് ഇന്ത്യയുടെ കീഴിലായിരുന്നു മലബാറിൽ വിദ്യലയത്തിന് അനുമതി തടസ്സമില്ലാതെ ലഭിക്കുന്നതിനായിട്ടായിരുന്നു.

തുടർന്ന് ഈ വിദ്യാലയം തീരദേശത്തെ വിദ്യാഭ്യാസ നവോത്ഥാന പരിവർത്തനത്തിൽ നിർണ്ണായകശക്തിയായി മാറുന്നതാണ്. 1922 മുതലുള്ള ഒന്നര ദശകകാലത്തെ ചരിത്രം നമുക്ക് മുന്നിൽ അവതരിപ്പിക്കുന്ന വസ്തുതകൾ. ജാതിവ്യവസ്ഥയ്ക്കെതിരെ കേരളത്തിൽ കൊടുങ്കാറ്റായി മാറിയ എസ്.എൻ.ഡി.പി. വൊളണ്ടിയർ ഗ്രൂപ്പ്, കേരളത്തിലെ കാർഷികപ്രസ്ഥാന രൂപീകരണത്തിനു മുന്നോടിയായി നടന്ന പൊന്നാനി താലൂക്ക് കാർഷികസമ്മേളനം, കേരളത്തിലെ അധ്യാപകപ്രസ്ഥാനത്തിന്റെ പ്രാരംഭം തുടങ്ങി കേരളചരിത്രത്തിൽ തന്നെ സുപ്രധാന നാഴികകല്ലായി നിലനിൽക്കുന്ന ചരിത്രസംഭവങ്ങൾ ജി.ഡി.എം. സ്കൂളിന്റെ അങ്കണത്തിലാണ് നടന്നത്. പൊതുസമൂഹത്തിനായുള്ള ഗ്രന്ഥശാലയും ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ പ്രവർത്തിച്ചിരുന്നു. ഇപ്രകാരം പ്രദേശത്തിന്റെ ചരിത്രത്തിലെ തിളക്കുന്ന അദ്ധ്യായമായി ജി.ഡി.എം. സ്കൂളിന്റെ ചരിത്രം മാറുകയാണ്.

സ്വാതന്ത്ര്യാനന്തര കാലത്തും തുടർന്നുള്ള രണ്ട് ദശകകാലവും പിന്നിട്ടപ്പോൾ വിദ്യാലയം തീരദേശത്തെ വിദ്യാഭ്യാസരംഗത്ത് ശ്രദ്ധേയമായ ചുവടുകൾ വെയ്ക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിഞ്ഞത്.

1980കൾക്കുശേഷം രണ്ട് ദശകക്കാലം വലപ്പാട് ഉപജില്ലയിലെ കായികമേളകൾ ശാസ്ത്ര പ്രവൃത്തിപരിചയമേളകൾ എന്നിവയിൽ എതിരില്ലാത്ത വിദ്യാകേന്ദ്രമായി ജി.ഡി.എം. മാറി.

അപ് അപ് ജി.ഡി.എം. എന്നത് നാടിന്റെ വായ്ത്താരിയായി മാറുന്നത് ഈ കാലയളവിൽ നമുക്ക് കാണാം.

ഉപജില്ലയിലെ മികച്ച വിദ്യാലയപുരസ്കാരം സമഗ്രവിദ്യാഭ്യാസ പദ്ധതി പുരസ്കാരം, മികച്ച ഹെൽത്ത് ക്ലബ്ബ് പുരസ്കാരം തുടങ്ങി നിരവധി പുരസ്കാരങ്ങൾ വിദ്യാലയത്തെ തേടിയെത്തി.

എന്നാൽ 2005 മുതൽ പൊതുവിദ്യാഭ്യാസരംഗത്ത് സംഭവിച്ച വിശ്വാസ്യതകുറവ് ജി.ഡി.എം. സ്കൂളിനേയും പ്രതികൂലമായി ബാധിച്ചു. വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു. ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കാനാവശ്യമായ മാനേജ്മെന്റിന്റെ ഉത്സാഹത്തിന് മങ്ങലേറ്റു. വിദ്യാലയപ്രവർത്തനങ്ങൾ പ്രതീക്ഷയ്ക്കൊത്തുയരാതെ വന്നു. ഇതിനെ തുടർന്ന് 2015ൽ ബി.ആർ.സി. നിർദ്ദേശപ്രകാരം ജനകീയസമിതി രൂപീകരിച്ചു. വിദ്യാലയത്തിന്റെ ഭൗതികവും അക്കാദമികവുമായ വികാസത്തിന് തുടക്കമിട്ടു. പൊതുജനസഹായത്തോടെ വിദ്യാലയം നവീകരിക്കുകയും അക്കാദമിക നേട്ടത്തിനായുള്ള കരടുരേഖ പൊതുസമൂഹത്തിൽ പ്രസിദ്ധം ചെയ്യുകയും ചെയ്തു. പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയും സമയബന്ധിതമായി വിലയിരുത്തിയും വിദ്യാലയപ്രവർത്തനങ്ങളിൽ പൊതുസമൂഹത്തിന്റെ വിശ്വാസ്യത വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ തുടങ്ങി. ഇതിനായ് മാനേജർ എ.ആർ. വിശ്വനാഥൻ വിദ്യാലയ

വികസനസമിതി, പി.ടി.എ, ജനപ്രതിനിധികൾ എന്നിവരുടെ കൂട്ടായ്മ സജീവമായി രംഗത്തുണ്ട്.

വിദ്യാലയം പ്രാഥമികവിദ്യാലയം എന്ന നിലയിൽ മാത്രമല്ല ഒരു പ്രദേശത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ വീക്ഷണത്തിന്റെ വികാസം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കേന്ദ്രമായി മാറി തുടങ്ങിയിരിക്കുന്നു എന്നത് സമീപ ചരിത്രം.

കടലോരത്ത് നിന്നും ഒരു കിലോമീറ്റർ പരിധിക്കുള്ളിലാണ് വിദ്യാലയം. ഇരുവശത്തും പഞ്ചായത്ത് റോഡുകൾ, വിശാലമായ പൊതുകുളം, സമീപത്തെ ഹരിതാഭമാർന്ന അന്തരീക്ഷം എന്നിവ വിദ്യാലയപ്രവർത്തനങ്ങളെ കൂടുതൽ ഹൃദ്യമാക്കി മാറ്റുന്നു. മണൽപ്പരപ്പിൽ വീഴുന്ന വെള്ളം അതിവേഗം ഭൂമിയിൽ താഴുന്നതിനായും ഒലിച്ച് സമീപത്തെ പൊതുകുളത്തിൽ എത്തുന്നതിനാലും സ്കൂൾ അന്തരീക്ഷം മഴക്കാലത്ത് വെള്ളക്കെട്ടിൽ നിന്നും ഒഴിവാകുന്നു. പൊതുവെ ആർക്കും സ്വീകാര്യമാകുന്ന അന്തരീക്ഷമാണ് വിദ്യാലയത്തിന്റേത്.

## വിദ്യാലയം മികവിന്റെ കേന്ദ്രങ്ങൾ

- മാതൃഭാഷാ പ്രവർത്തനങ്ങൾ, ഗണിതം മധുരം, ശാസ്ത്രപഠനം
- എല്ലാ അധ്യാപകർക്കും കമ്പ്യൂട്ടർ പരിജ്ഞാനം
- ഡിജിറ്റൽ ക്ലാസ് റൂം
- പ്രകൃതി സൗഹൃദ അന്തരീക്ഷം
- അക്ഷരജ്ഞാനം കമ്പ്യൂട്ടറിലൂടെ
- പാചകപ്പുര നവീകരണം
- സ്മാർട്ട് ലൈബ്രറി
- സ്മാർട്ട് ക്ലാസ്റൂം
- മികച്ച ഫർണീച്ചറുകൾ
- ഡൈനിങ്ങ് ഹാൾ
- കുട്ടികളുടെ പാർക്ക്

## നിലവിലെ അവസ്ഥാ വിശകലനം

വിദ്യാലയത്തിന്റെ ഭൗതികവും അക്കാദമികവുമായി പുരോഗതി ലക്ഷ്യമിട്ട് ബി.ആർ.സി.യുടെ സഹകരണത്തോടെ സാമൂഹിക പങ്കാളിത്തത്തിന്റെ വികാസ ത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകി. ഇതിന്റെ ഭാഗമായി പ്രദേശത്തെ വിദ്യാഭ്യാസ പൊതുരംഗത്ത് മുദ്രപതിപ്പിച്ചവർ, ക്ലബ്ബുകൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവർക്ക് വിദ്യാലയം ലക്ഷ്യമിടുന്ന വികസനത്തെക്കുറിച്ച് ചെറിയ കുറിപ്പ് തയ്യാറാക്കി നൽകി. അവരുടെ യോഗം ചേർന്നു വിദ്യാലയ വികസനസമിതിക്ക് പി.ടി.എ.യുടെ നേതൃത്വത്തിൽ രൂപം നൽകി. തുടർന്ന് പി.ടി.എ. വിദ്യാലയസമിതിയുടെ സംയുക്തയോഗം കൂടി വിദ്യാലയ വികസനത്തിന് ബഹുജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന വികസനപ്ലാൻ തയ്യാറാക്കുകയും ഇതിനായ് 10 ലക്ഷം രൂപ പൊതുസമംഹത്തിൽ നിന്നും സമാഹരിക്കാനായി സംഘാടകസമിതി രൂപീകരിക്കുകയും ചെയ്തു. ഈ സമിതിയുടെ പ്രവർത്തനം 2015 ഫെബ്രുവരി 2ന് ആരംഭിക്കുകയും മെയ് 1,2,3 തിയ്യതികളിലായി വിപുലമായ പൂർവ്വവിദ്യാർത്ഥി സംഗമം, ചരിത്ര സെമിനാർ, സർഗ്ഗരചന, കാരണവകൂട്ടം എന്നിവ ഉൾക്കൊള്ളുന്ന ഓർമ്മക്കൂട് എന്ന പരിപാടി വിജയകരമായി നടത്തി. ഇതിന്റെ മുന്നോടിയായി 2000 വീടുകൾ സ്ക്വാഡുകൾ രൂപീകരിച്ച് നേരിൽ കയറി വിദ്യാലയത്തിന്റെ വികസന സന്ദേശമെത്തിച്ചു. 8 ലക്ഷം രൂപയോളം സമാഹരിച്ചു. വിദ്യാലയത്തിന്റെ മേൽക്കൂര അഴിച്ച് പണിതു. നിലം ടൈലിട്ടു. ചുമരുകൾ ചെത്തിമിനുക്കി വർണ്ണാഭമാക്കി. ക്ലാസ് മുറികൾ തട്ടികയിട്ടു വേർതിരിച്ചു. ചുറ്റുമതിൽ സ്ഥാപിച്ചു. ഓഫീസ് റൂം, ജനൽ വാതിലുകൾ, പ്രധാന വാതിലുകൾ എന്നിവ നവീകരിച്ചു. വിദ്യാലയത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ ട്രാൻസ്ഫോം സ്കൂൾ എംപവറിങ്ങ് ചിൽഡ്രൻ എന്ന പേരിൽ അച്ചടിച്ച് പൊതുജനങ്ങൾക്കിടയിൽ വിതരണം ചെയ്തു. ഇപ്രകാര ബഹുജനപിന്തുണയോടെ വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ നവീകരണം തുടർന്നുവരുന്നു.

# പ്രവർത്തനങ്ങൾ - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മാതൃഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കൽ | പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ്.<br>അക്ഷരക്കാർഡ് നിർമ്മാണം, അക്ഷരവൃക്ഷം, അക്ഷരപാട്ടുകൾ.<br>ചിത്രകഥാപുസ്തകങ്ങൾ, കുഞ്ഞുണ്ണിക്കവിതകൾ, ബാല മാസികകൾ | സെപ്തംബർ ആദ്യവാരം<br>സെപ്തംബർ 15 | എച്ച്.എം. ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | പി.ടി.എ. 500 രൂപ |
| കുട്ടികളുടെ വായനാശീലം വികസിപ്പിക്കുന്നതിന് | 1 മുതൽ 4 വരെ ക്ലാസുകളിലേക്ക് ആവശ്യമായ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. (പി.ടി.എ യോഗത്തിൽ ചർച്ച ചെയ്യുന്നു.)<br>സ്കൂൾ ലൈബ്രറി വിപുലീകരണം, ഷെൽഫ് നിർമ്മാണം | ഒക്ടോബർ മുതൽ | ലൈബ്രറി ചാർജുള്ള ടീച്ചർ, എച്ച്.എം. | 25000 രൂപ |
| കുട്ടികളിലെ വായനാശീലം വികസിപ്പിക്കുന്നതിന് | ലൈബ്രറിയുടെ ചാർജുള്ള അധ്യാപിക, ക്ലാസ് ടീച്ചർക്ക് ഓരോ ക്ലാസിനും ആവശ്യമായ പുസ്തകങ്ങൾ വിതരണം ചെയ്യുന്നു.വായനാകുറിപ്പ് തയ്യാറാക്കൽ, കടങ്കഥ, പഴഞ്ചൊല്ല് ശേഖരിക്കൽ, കഥാപതിപ്പ് കവിതാപതിപ്പ് തയ്യാറാക്കൽ | നവംബർ 17 | ക്ലാസ് ടീച്ചർ, ക്ലാസ് ലൈബ്രേറിയൻ എം.പി.ടി.എ പ്രസിഡന്റ് | |

# പ്രവർത്തനങ്ങൾ - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജീവചരിത്രം അറിയുന്നതിന് | മാതൃഭാഷ ശില്പശാല സംഘടിപ്പിക്കൽ, ജീവചരിത്രകുറിപ്പ് തയ്യാറാക്കൽ, മഹാന്മാരുടെ ജീവചരിത്ര പുസ്തകങ്ങൾ നൽകൽ, ജീവചരിത്രം തയ്യാറാക്കൽ. | 2025 ഡിസംബർ | 3,4 ക്ലാസുകളിലെ അധ്യാപകർ ക്ലാസ് ടീച്ചർ | 5000/- |
| കുട്ടികളിലെ സർഗാത്മകശേഷി അവതരിപ്പിക്കുന്നതിന് കുട്ടികളിൽ ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | അക്ഷരശ്ലോകം, കടങ്കഥ , പയറ്റ്, പഴഞ്ചൊൽ മാല, കവിതാലാപനം, കഥ പറയൽ, നാടകാവതരണം എന്നിവ ബാലസഭയിൽ അവതരിപ്പിക്കൽ | 2025 ഫെബ്രുവരി | പി.ടി.എ എച്ച്.എം. | 500/- |

## ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | അക്ഷരക്കാർഡ് നിർമ്മാണം, പദക്കാർഡ്, വാചക കാർഡ് എന്നിവ നിർമ്മിച്ച് വായിപ്പിക്കൽ. ഐ.സി.ടി. സാധ്യത ഉൾപ്പെടുത്തി വായന വികസിപ്പിക്കൽ, കുട്ടികൾ ഇംഗ്ലീഷ് ഭാഷ കൂടുതൽ കേൾക്കാനുള്ള അവസരം ഒരുക്കൽ. കഥകൾ, കവിതകൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്കൽ, ക്ലാസിൽ പരമാവധി സംസാരിക്കൽ (ടീച്ചറും കുട്ടികളും) | സെപ്തംബർ ആദ്യവാരം<br>സെപ്തംബർ 15 | എച്ച്.എം. ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | പി.ടി.എ. 500 രൂപ |
| കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ ആശയ വിനിമയം നടത്താനുള്ള ശേഷി ആർജിക്കൽ | ഇംഗ്ലീഷ് അസംബ്ലി, വാർത്ത അവതരണം, പ്രതിജ്ഞ, കുട്ടികളുടെ പരിപാടികൾ, ഇംഗ്ലീഷ് ഡയറി എഴുത്ത്<br>ഇംഗ്ലീഷ് പുസ്തകങ്ങൾ ഉൾപ്പെടുത്തി ലൈബ്രറി വിപുലീകരണം.<br>സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ സംഘടിപ്പിക്കൽ | 2025 ജൂലായ് ആഴ്ചയിൽ രണ്ട് ദിവസം<br>2025 ആഗസ്റ്റ് | എസ്.ആർ.ജി ക്ലാസ് ടീച്ചർമാർ<br>പി.ടി.എ എസ്.ആർ.ജി | 5000/-<br>2000/- |
| ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തമാക്കുന്നതിന് | എല്ലാ ക്ലാസുകളിലും ഹല്ലോ ഇംഗ്ലീഷ് പ്രോഗ്രാം നടപ്പാക്കൽ. | 2025 ഫെബ്രുവരി മുതൽ | ക്ലാസ് ടീച്ചർമാർ | |

## ഉപമേഖല : ഗണിതം ലളിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംഖ്യാവബോധനം ഉറപ്പിക്കുന്നതിന് സഹായകമായ പഠനസാമഗ്രികൾ ലഭ്യമാക്കൽ പരമാവധി ഉപയോഗപ്പെടുത്തൽ. | ഒന്ന്, രണ്ട് ക്ലാസുകളിലേക്കാവശ്യമായ മഞ്ചാടി സ്ട്രോ, മുത്തുകൾ, ബോളുകൾ, അബാസ്കസുകൾ, സംഖ്യാ കാർഡുകൾ, ചിത്രങ്ങൾ മുതലായവ ശേഖരിക്കൽ | 2025 മെയ് | എസ്.ആർ.ജി | 250/- |
| മുഴുവൻ കുട്ടികളിലും സംഖ്യാവബോധം ചതുഷ്ക്രിയകൾ ഗണിതശേഷികൾ എന്നിവ ഉറപ്പാക്കൽ. | ക്ലാസ്തല ഗണിത ക്വിസ്, മത്സരങ്ങൾ, ഗണിത കേളികൾ, പസിലുകൾ | 2025 ഫെബ്രുവരി | ക്ലാസ് ടീച്ചർ | |
| | മെട്രിക് അളവുപകരണങ്ങൾ കൈകാര്യം ചെയ്യാൻ അവസരമൊരുക്കൽ. ഗണിത പഠനോപകരണ ശില്പശാല | 2025 ജൂലായ് | എസ്.ആർ.ജി, പി.ടി.എ | |

# ഉപമേഖല : ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **ഒന്നു മുതൽ നാലുവരെ ക്ലാസുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടമുറപ്പാക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല ഉറപ്പാക്കൽ.** | ഒന്ന് മുതൽ നാല് വരെ പഠനത്തിന് സഹായകമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ. | ഒക്ടോബർ ആദ്യവാരം | ക്ലാസ് ടീച്ചർ | |
| | സാമഗ്രികൾ വാങ്ങൽ | 2025 ഒക്ടോബർ | എച്ച്.എം, എസ്.ആർ.ജി കൺവീനർ | 3000/- |
| | പിടി.എ യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച് അവതരണം. സാമഗ്രികളുടെ ശേഖരണം | 2025 ജൂലായ് | എസ്.ആർ.ജി, പി.ടി.എ | |
| | ശാസ്ത്രമൂല ക്രമീകരിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ | ഡിസംബർ ആദ്യവാരം | പി.ടി.എ, എച്ച്.എം | പഞ്ചായത്ത് 8000/- |
| | സ്കൂൾ ലാബ് സജ്ജമാക്കൽ | ഡിസംബർ | എസ്.ആർ.ജി | പി.ടി.എ 2000/- |
| | ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനുള്ളത് | ഡിസംബർ-ഫെബ്രുവരി | ക്ലാസ് ടീച്ചർ | 3000/- |

## മേഖല : ഭൗതികം    ഉപമേഖല : ഹരിതപരിസരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ പരിസരം നിരീക്ഷിച്ച് വിവിധ തരം സസ്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പ്രകൃതിയുമായുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതിനും പഠനപ്രവർത്തനവുമായി ബന്ധപ്പെടുത്തുന്നതിനും | പി.ടി.എ, എസ്.എസ്.ടി യോഗം ചേർന്നു ജൈവ വൈവിധ്യപാർക്ക് നിർമ്മാണത്തെക്കുറിച്ച് ചർച്ച, തീരുമാനങ്ങൾ<br>1. സ്കൂളിൽ ഒരു ചെറിയ വനം. | 2025 മെയ് - ആഗസ്റ്റ് വരെ | സുധ ടീച്ചർ, വികസന സമിതി അംഗങ്ങൾ | 2000/- |
| | 2. പൈതൃക പൂന്തോട്ട നിർമ്മാണം (അശോകം, നാട്ടുചെത്തി, മന്ദാരം, അഞ്ചിതൾ ചെമ്പരത്തി, പാരിജാതം, ഗന്ധസസ്യങ്ങൾ രക്ഷിതാക്കളുടെ സഹകരണത്തോടെ നട്ടുവളർത്തൽ. | | | 750/- |
| | ചെറിയ കുളം ജലസസ്യങ്ങളും ജലജീവികളും ഉള്ള ഒരു ചെറിയ കുളം രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മിക്കൽ | | | 5000/- |

## മേഖല : ഭൗതികം    ഉപമേഖല : ഹരിതപരിസരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ഔഷധത്തോട്ട നിർമ്മാണം** ആടലോടകം, തുളസി, പനികൂർക്ക, കരിവേപ്പ്, തഴ്തായ്മ, നീലമരി, കറ്റാർവാഴ തുടങ്ങിയ ഔഷധസസ്യങ്ങൾ ശേഖരിക്കൽ, കൃഷി ഭവന്റെ സഹായത്തോടെ കൂടുതൽ ഔഷധ സസ്യങ്ങൾ ശേഖരിക്കൽ. | 2025 സെപ്തംബർ | പി.ടി.എ | 1000/- |
| | **വിഷരഹിത പച്ചക്കറി തോട്ട നിർമ്മാണം** കൃഷിഭവനിൽ നിന്ന് പച്ചക്കറി വിത്തുകൾ ശേഖരിച്ച് സ്കൂളിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടെ നടൽ | 2025 ആഗസ്റ്റ് | സുധ ടീച്ചർ | 2000/- |
| | **സ്കൂൾ പാർക്ക്** കളി ഉപകരണങ്ങൾ നിർമ്മിക്കൽ (സിസോ, സ്വിങ്ങ്) ജനപങ്കാളിത്തത്തോടെ നടത്തൽ | 2025 ആഗസ്റ്റ് | വികസന സമിതി | 25000/- |
| | **പൂന്തോട്ട നിർമ്മാണം** നഴ്സറിയിൽ നിന്നും ചെടികൾ വാങ്ങൽ, കുട്ടികളും അധ്യാപകരും ചേർന്ന് ചെടികൾ നടൽ | 2025 ജൂൺ | അധ്യാപകർ, പി.ടി.എ, എം.പി.ടി.എ | |

## മേഖല : ഭൗതികം      ഉപമേഖല : സ്മാർട്ട് ക്ലാസ്റൂം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | പി.ടി.എ യോഗം ചേർച്ച സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പഠനം, സാമഗ്രികൾ (ലാപ്ടോപ്പ്, പ്രൊജക്ടർ, സ്കൂൾ സീലിങ്ങ്. | 2025 | പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ | 300000/- |
| | ക്ലാസ്മുറികളിലെ ഫർണീച്ചർ നവീകരണം കുട്ടികൾക്ക് ഇരിപ്പിട സൗകര്യങ്ങൾ ഒരുക്കൽ, ശിശു സൗഹൃദം) | 2025 | എച്ച്.എ. സ്പോൺസർ, ഐ.ടി. ചാർജുള്ള അധ്യാപിക | 80000/- |
| | എല്ലാ ക്ലാസ് റൂമുകളിലും ടെലിവിഷൻ സൗകര്യം, പി.ടി.എയിൽ ചർച്ച, പൊതു ജനപങ്കാളിത്തത്തോടെ ലഭ്യമാക്കൽ. | 2025 | പി.ടി.എ എസ്.എസ്.ജി | 30000/- |
| **ഉപമേഖല : കമ്പ്യൂട്ടർ ലാബ് നവീകരണം** | | | | |
| കുട്ടികൾക്ക് കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്നതിന് കമ്പ്യൂട്ടർ ഉപയോഗിച്ച് പഠനം കാര്യക്ഷമമാക്കുന്നതിനും | പുതിയ രണ്ട് കമ്പ്യൂട്ടറുകൾ വാങ്ങൽ | 2025 ഡിസംബർ | എസ്.എസ്.ജി പൂർവ്വവിദ്യാർത്ഥികൾ | 50000/- |
| | ആവശ്യമായ സോഫ്റ്റ് വെയറുകൾ ഇൻസ്റ്റാൾ ചെയ്യുക. | 2025 ഡിസംബർ | പി.ടി.എ | 5000/- |

## ഉപമേഖല : പാചകപ്പുര നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് കൂടുതൽ ശുചിത്വത്തോടെ ഭക്ഷണം പാചകം ചെയ്യുന്നതിന് | പുതിയ പാചകപ്പുര നിർമ്മാണം, സ്റ്റോർ റൂം, പി.ടി.എ, എസ്.എസ്.ജി, വികസനസമിതി എന്നിവയിൽ എന്നിവയിൽ ചർച്ച, തറ ടൈൽസ് ഇടാൻ തീരുമാനം. | 2025 | പി.ടി.എ പൊതു ജനങ്ങൾ | 300000/- |
| | നൂറുകുട്ടികൾക്ക് ഒരേ സമയം ഇരുന്ന് ഭക്ഷണം കഴിക്കുന്നതിനുള്ള ഹാൾ, പി.ടി.എ, എസ്.എസ്.ജി അംഗങ്ങളുടെ മീറ്റിങ്ങ് കൂടുതൽ, ജനപങ്കാളിത്തത്തോടെ ഡൈനിംഗ് ഹാൾ നിർമ്മിക്കൽ, ഭക്ഷണം കഴിക്കാനുള്ള കസേരകളും മേശകളും വിരികളും ഒരുക്കൽ. | 2025 | എച്ച്.എം. വികസന സമിതി ചെയർമാൻ | 250000/- |
| | ഡൈനിങ്ങ് ഹാളിൽ സീലിങ്ങ് ഫാനുകൾ ഫിറ്റ് ചെയ്യൽ. | 2025 | പി.ടി.എ | 10000/- |

## ഉപമേഖല : ബോധവൽക്കര ക്ലാസ്സുകൾ

| | | | | |
|---|---|---|---|---|
| രക്ഷിതാക്കൾക്ക് വിവിധ വിഷയങ്ങളെക്കുറിച്ച് അവബോധം ഉണ്ടാകുന്നതിന് | ബോധവത്ക്കരണ ക്ലാസുകളെക്കുറിച്ച് പി.ടി.എ. യോഗത്തിൽ ചർച്ച | 2025 ആഗസ്റ്റ് | പി.ടി.എ | 500/- |

## ഉപമേഖല : ബോധവത്ക്കരക്ലാസുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | കുട്ടികളുടെ സുരക്ഷ, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയവയെക്കുറിച്ച് ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | 2025 സെപ്തംബർ | പി.ടി.എ എച്ച്.എം | 2000/- |

## ഉപമേഖല : ഗൃഹസന്ദർശനം

| | | | | |
|---|---|---|---|---|
| അധ്യാപകർക്ക് പൊതുജനങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കുന്നതിനും സ്കൂളിലെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും. | മാർച്ച് അവസാനത്തിൽ ഗൃഹസന്ദർശനവുമായി ബന്ധപ്പെട്ട പദ്ധതി തയ്യാറാക്കുന്നതിന് പി.ടി.എ, എസ്.എസ്.ജി യോഗം, പി.ടി.എ പ്രതിനിധികൾ, വാർഡ് മെമ്പർ, വികസനസമിതി അംഗങ്ങൾ ഇവരൊയൊക്കെ ഉൾപ്പെടുത്തി ഗൃഹസന്ദർശനം. | 2025 ഏപ്രിൽ | എച്ച്.എം. പി.ടി.എ. പ്രസിഡന്റ് | 1000/- |

## ഉപമേഖല : അമ്മ വായന

| | | | | |
|---|---|---|---|---|
| അമ്മമാരുടെ വായന പ്രോത്സാഹിപ്പിക്കുന്നതിന് | എം.പി.ടി.എ. യോഗം, ചർച്ച .<br>ലൈബ്രറി വിതരണ ചുമതലയ്ക്ക് കമ്മിറ്റി രൂപീകരണം.<br>പുസ്തക വിതരണ രജിസ്റ്റർ തയ്യാറാക്കൽ.<br>ആഴ്ചയിൽ ഒരിക്കൽ പുസ്തക വിതരണം | ജൂലായ് 15 | എം.പി.ടി.എ | 1000/- |

## മേഖല : സാമൂഹികം

## ഉപമേഖല : ക്ലാസ് പി.ടി.എ മാതൃകയാക്കുന്നതിനുള്ള നടപടികൾ

### വിദ്യാലയ വിഭവങ്ങൾ, മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്ലാസ് പി.ടി.എ മാതൃകാപരമാക്കൽ | കുട്ടികളുടെ രക്ഷകർത്താക്കളെ വിദ്യാലയവുമായി കൂടുതൽ അടുപ്പിക്കാൻ ആയിട്ടാണ് മാസം തോറും ക്ലാസ് പി.ടി.എ നടത്തുന്നു. ആ ദിവസം കുട്ടികളുടെ നിർമ്മാണ വസ്തുക്കൾ, സൃഷ്ടികൾ, പത്രം, ക്ലാസ് റൂം പ്രവർത്തനത്തിന്റെ മികവുറ്റ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. | 1 വർഷം | ക്ലാസ് ടീച്ചർ | 1000/- |

## ഉപമേഖല : പൂർവ്വവിദ്യാർത്ഥി സംഘടന, എസ്.എം.സി, എസ്.സി.എം.സി, വിദ്യാലയ വികസനസമിതി

| | | | | |
|---|---|---|---|---|
| പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സംഘടന, വിദ്യാലയ വികസനസമിതി എന്നിവർ യോഗം ചേർന്ന് നമ്മുടെ കുട്ടികൾക്ക് കല, കായിക പ്രവൃത്തി പരിചയപരശീലനം നൽകുന്നതിന് പൂർവ്വ വിദ്യാർത്ഥികളുടെ മേൽനോട്ടത്തിൽ നടത്തൽ. | കല-കായിക പ്രവൃത്തി പരിചയം പരിശീലനം, സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന് കായികശേഷി വികാസത്തിന്, മാനസിക ഉല്ലാസത്തിന് | 2025 ജൂൺ മുതൽ തുടർന്ന് | വിശ്വനാഥൻ (ചെയർമാൻ) | 1000/- |

## മേഖല : സാമൂഹികം

### ഉപമേഖല : പി.ടി.എ, എം.പി.ടി.എ, വിദ്യാലയ വികസനസമിതി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദിനാചരണങ്ങളും ദേശീയാഘോഷങ്ങളെക്കുറിച്ചും കുട്ടികൾ മനസ്സിലാക്കുന്നു. ജനങ്ങളുമായുള്ള കൂട്ടായ്മ, സൗഹൃദം, സഹകരണം എന്നിവ മനസ്സിലാക്കുന്നു. | പി.ടി.എ, എം.പി.ടി.എ വിദ്യാലയവികസനസമിതി എന്നിവർ കൂടി ആലോചിച്ച് ആഗസ്റ്റ് 15, ജനുവരി 26, ഓണം, ക്രിസ്തുമസ് എന്നീ ആഘോഷങ്ങൾ, ഓണത്തിന് ഓണസദ്യ, പൂക്കളമത്സരം, ഓണപ്പാട്ട്, ദേശഭക്തിഗാനം, റാലി, കൊടി നിർമ്മാണം, ക്രിസ്തുമസ് ട്രീ നിർമ്മാണം. രക്ഷിതാക്കളുടെ സഹകരണത്തോടെ പച്ചക്കറി കൃഷി ഉണ്ടാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | എച്ച്.എം, അധ്യാപകർ | 15000/- |

### ഉപമേഖല : പൂർവ്വാധ്യാപകർ, വിദ്യാലയ വികസനസമിതി, എസ്.എസ്.ജി, എൽ.എസ്.ജി. ബന്ധം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് ഇംഗ്ലീഷ് സംസാരിക്കാനും പറയാനും ശേഷി ഉണ്ടാക്കുന്നു. ഇംഗ്ലീഷ് സ്പോക്കൺ ഇംഗ്ലീഷ് | പി.ടി.എ, പൂർവ്വാധ്യാപകർ, വികസനസമിതി അംഗങ്ങൾ എന്നിവർ യോഗം ചേർന്ന് കുട്ടികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് & സ്പോക്കൺ ക്ലാസിന് നേതൃത്വം കൊടുക്കാൻ തീരുമാനിച്ചു. | 2025 ജൂൺ മുതൽ | മുരളീധരൻ മാങ്ങാപറമ്പിൽ | 10000/- |

## പദ്ധതി രൂപീകരണ പ്രക്രിയ

വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന വിവിധ കമ്മറ്റി അംഗങ്ങൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവർ ചേർന്ന് വിദ്യാലയത്തിൽ നടത്തേണ്ടതായ വികസന പ്രവർത്തനങ്ങൾ ചർച്ച് ചെയ്ത് അതിനുവേണ്ട മാർഗ്ഗരേഖകൾ നടപ്പിലാക്കി. വിദ്യാലയത്തിന്റെ നിലവിലുള്ള അവസ്ഥ വിശകലനം ചെയ്യുകയും പ്രധാന അധ്യാപികയും എസ്.ആർ.ജി കൺവീനറും സമഗ്രവികസന കാഴ്ചപ്പാട് ചർച്ച ചെയ്യുകയും വിദ്യാലയത്തിന്റെ വികസന ആവശ്യങ്ങൾ ക്ലാസ്, വിഷയതലം, ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തരം തിരിച്ചു കരട് എഴുതി തയ്യാറാക്കുകയും നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി എസ്.എം.സി, പി.ടി.എ, എം.പി.ടി.എ, ഒ.എസ്.എ, എസ്.ഡി.സി, സാമൂഹിക, രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ എന്നിവരെ എല്ലാം ഉൾപ്പെടുത്തിയുള്ള ശില്പശാല നടത്തുകയും ചെയ്തു. വികസന നിർദ്ദേശങ്ങൾ ഈ ശില്പശാലയിൽ ചർച്ച ചെയ്യുകയും കൂട്ടിച്ചേർക്കലുകൾ നടത്തി കരട് രൂപരേഖയെ സമ്പുഷ്ടമാക്കി വിഭവസമാഹരണത്തിനുള്ള ഉറവിടങ്ങൾ എന്നിവ രേഖപ്പെടുത്തുകയും ചെയ്തു.

## മോണിറ്ററിംഗ് രീതി

വിദ്യാഭ്യാസ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർ, ഡി.പി.ഐ, എ.ഇ.ഒ, പഞ്ചായത്ത് പ്രതിനിധികൾ പ്രധാന അധ്യാപകർ, എസ്.ആർ.ജി കൺവീനർ തുടങ്ങിയവരുടെ മോണിറ്ററിംഗ് ഈ പ്ലാനിന്റെ കൃത്യതയ്ക്ക് ആവശ്യമാണ്.

# ഉപസംഹാരം

വിദ്യാലയത്തെ മികവിലേക്ക് ഉയർത്തുന്നതിനായി വിദ്യാഭ്യാസ തല്പരർ, സന്നദ്ധ സംഘടനകൾ, എം.എൽ.എ., എം.പി.മാർ, പൊതുപ്രവർത്തകർ, തദ്ദേശ സ്ഥാപനങ്ങൾ, എസ്.എസ്.എ അംഗങ്ങൾ എന്നിവരുടെ സഹകരണത്തോടെ ഭൗതികസാഹചര്യങ്ങൾ ആധുനിക വത്കരിച്ച് അക്കാദമിക നിലവാരം ഉയർത്തി എല്ലാ വിദ്യാലയങ്ങളേയും അന്താരാഷ്ട്രനിലവാരത്തിലുള്ള ഹൈടെക് വിദ്യാലയങ്ങളാക്കാൻ നവ കേരളമിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ സാധ്യമാകട്ടെ.


അക്കാദമിക
മാസ്റ്റർ പ്ലാൻ
ക്ലാസ്സ് - I

# അക്കാദമിക മാസ്റ്റർ പ്ലാൻ ക്ലാസ്സ്: 1

ആമുഖം : ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വെയ്ക്കുന്നത്. എഴുത്ത്, വായന, മറ്റു അക്കാദമിക നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കുന്നതിനാവശ്യമായ ഇടപെടലുകളു മാണ് ലക്ഷ്യമിടുന്നത്. പഠനപ്രവർത്തനങ്ങൾ ശിശുസൗഹൃദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

**മലയാളം :** ലക്ഷ്യങ്ങൾ — * ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.

* സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതാനുള്ള കഴിവ് നേടുക.
* ലളിതമായ വായനകാർഡുകൾ വായിക്കുന്നു.

* ലളിതമായ പാട്ടുകളും വായ്ത്താരികളും ഒറ്റയ്ക്കും സംഘമായും പാടുന്നതിന്.
* പരിസ്ഥിതി സൗഹൃദ കളിപ്പാട്ടങ്ങൾ പരിചയപ്പെടുന്നതിനും നിർമ്മിക്കുന്നതിനും.
* സ്വന്തമായി ഡയറി എഴുതുന്നതിന്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| വായന | ചിത്രവായന - ലളിതമായ ബാലസാഹിത്യകൃതികളിലെ ചിത്രങ്ങൾ നിരീക്ഷിച്ച് വായനയിലേക്ക് നയിക്കുന്നു. | ജൂൺ - ആഗസ്റ്റ് | ടീച്ചർ രക്ഷിതാക്കൾ | |
| | കഥകൾ പറയാൻ അവസരം നൽകുന്നു. | " | " | |
| | വായനമൂല ഒരുക്കൽ - വീട്ടിലും സ്കൂളിലും. | " | | |
| | കഥ ഭാവനാത്മകമായി വായിച്ചു കേൾപ്പിക്കുന്നു. - ടീച്ചറും രക്ഷിതാവും. | | " | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ചിത്രവായന കാർഡുകൾ തയ്യാറാക്കൽ. | | ടീച്ചർ രക്ഷിതാക്കൾ | |
| | വായനോത്സവം – ക്ലാസ്സ് PTA യിൽ വായന. | ആഗസ്റ്റ് – | | |
| | കാർഡുകൾ വായന – | സെപ്റ്റംബർ | | |
| | സംയുക്ത വായന. (CPTA) | | " | |
| | റീഡേഴ്സ് തിയേറ്റർ – കഥാവായന. | ഒക്ടോബർ നവംബർ. | | |
| | | ജനുവരി ഫെബ്രുവരി. | " | |
| ലേഖനം | ചിത്രങ്ങൾ നിരീക്ഷിക്കുന്നു. | ജൂൺ. | | |
| | ഗ്രാഫിക് എഴുത്ത് നടത്തുന്നു. | | | |
| | കൂട്ടെഴുത്തിൽ എഴുതുന്നു. | | | |
| | സംയുക്ത ഡയറി എഴുത്തിന് തുടക്കം. | ആഗസ്ത് മുതൽ. | | |
| | കൂട്ട ബോർഡെഴുത്ത്. | | | |
| | വായിച്ച കഥയിലെ ആശയം പറയൽ. | ജൂൺ മുതൽ | | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഈണമായ പാട്ടുകളും വായ്ത്താരികളും പാടൽ | ഈണമായ കഥ - (ചിത്രം നോക്കി) എഴുതൽ രചനോത്സവം.<br>ഈണമായ പാട്ടുകളും വായ്ത്താരികളും ഒറ്റയ്ക്കും സംഘമായും പാടി അവതരിപ്പിക്കൽ.<br>പാട്ടരങ്ങ് - CPTA യിൽ എല്ലാമാസത്തിൽ ഒരിക്കൽ.<br>പാട്ടുപുസ്തകം - ഓണവുമായി ബന്ധപ്പെട്ട പാട്ടുകൾ. | ഫെബ്രുവരി | രക്ഷിതാക്കൾ ടീച്ചർ<br>" | |
| പരിസ്ഥിതി സൗഹൃദ കളിപ്പാട്ടങ്ങൾ നിർമ്മിക്കൽ | നിർമ്മാണ ശില്പശാല - (CPTA യിൽ നടത്തുന്നു)<br>പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള കളിപ്പാട്ടങ്ങൾ പരിചയപ്പെടുന്നു. | എല്ലാ മാസവും. | ടീച്ചർ രക്ഷിതാക്കൾ | |

BEJOY. C.K
PEN: 603843
HEADMASTER
G D M L P S VALAPAD BEACH

# ഗണിതം

**ലക്ഷ്യങ്ങൾ :**

* സംഖ്യകൾ എണ്ണാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കൽ.
* വസ്തുക്കൾ ഉപയോഗിച്ചുള്ള ഗണിതപഠനം
* ഗണിതപാട്ടുകൾ പാടുന്നതിന്
* കളികളിലൂടെയുള്ള ഗണിതപഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| വസ്തുക്കൾ എണ്ണുന്നതിന് | ഗണിത ശില്പശാല നടത്തുന്നു.<br>ഗണിത മാഗസിൻ തയ്യാറാക്കൽ.<br>അബാക്കസ് ഉണ്ടാക്കാം.<br>സംഖ്യാറിബൺ തയ്യാറാക്കാം.<br>മഞ്ചാടി സഞ്ചി ഒരുക്കൽ. | ജൂൺ ആദ്യ ആഴ്ച.<br>" | ടീച്ചർ രക്ഷിതാക്കൾ<br>" | |
| വസ്തുക്കൾ എണ്ണി എടുത്ത ശേഷം ഗണിത രൂപവും എഴുത്തുരൂപവും പരിചയപ്പെടൽ. | 10 വരെയുള്ള സംഖ്യകളുടെ ഗണിത രൂപവും എഴുത്തുരൂപവും പരിചയപ്പെടുന്നു. | ജൂലൈ ആഗസ്റ്റ് | " | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വസ്തുക്കൾ എണ്ണുന്നതിന് സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നതിന്. | ഗണിത സംഖ്യാ റിബണുകൾ തയ്യാറാക്കി 1 മുതൽ 20 വരെയും 20 മുതൽ കീഴ്പോട്ടും എഴുതുന്നു. | ആഗസ്റ്റ്. | ടീച്ചർ രക്ഷിതാവ് | |
| രണ്ടക്കസംഖ്യകൾ പരിചയപ്പെടാൻ സംഖ്യാപാട്ടുകൾ പാടുന്നതിന്. | സംഖ്യാപാട്ടുകൾ പാടൽ അബാക്കസ് നിർമ്മാണം. ഗണിതമാഗസിനിൽ സംഖ്യാബോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നു. ചിത്രങ്ങൾ ഒട്ടിക്കൽ. | ജൂൺ മുതൽ. | " | |
| ഉല്ലാസഗണിത പ്രവർത്തനങ്ങൾ (കളികളിലൂടെ ഗണിതപഠനം) സങ്കലനം വ്യവകലനം | ഉല്ലാസഗണിത പ്രവർത്തനങ്ങൾ നടത്തുന്നു. (ഗണിതകളികൾ) മഞ്ചാടിസഞ്ചി ഉപയോഗിച്ച് ഉറപ്പിക്കൽ. | ജൂലൈ മുതൽ | " | |

BEJOY, C.K
PEN: 603843
HEADMASTER
G D M L P S VALAPAD BEACH

# ENGLISH

**OBJECTIVES** :

* Listen to teacher talks and shows signs of understanding. verbally and non verbally.
* Engage in games.
* Improve speaking skills.
* Reads simple words and sentences
* Write simple words and sentences

| Aim | Activities | Time | Duty | Expense |
|---|---|---|---|---|
| Engage in games. [Listening Activity] | Hello English Activities like games. action song etc | June to March. | Tr. | |
| Speaking skill. | Role play - Conversations. Communicative English in our class room. | " | " | |

| Objectives | Activities | Time | Duty | Expense. |
|---|---|---|---|---|
| Improve Reading Skills. | Graphic Reading<br>Picture Reading<br>Simple words Reading<br>Card Reading<br>Identify rhyming words. | June – August. onwards. | Teachers.<br>" | |
| Improve writing Skills. | Make word web.<br>Picture descriptions (graphic writing).<br>Make riddles. (oral) | August to March.<br>" | " | |
| Conduct English Fest. | English Fest.<br>Role play, Skit, Reading etc | March. | " | |

G.D.M.L.P. SCHOOL PIN: 680 567 VALAPAD BEACH

BEJOY. S.K
PEN: 603843
HEADMASTER
G D M L P S VALAPAD BEACH

ക്ലാസ്സ് അക്കാദമിക

മാസ്റ്റർ പ്ലാൻ

രണ്ടാം ക്ലാസ്സ്

2025 - 2026

ക്ലാസ്സ് അധ്യാപിക : ശ്രീദേവി. എം. എ

വിദ്യാലയം : ഗ. D. M. L. P. S
VALAPAD

## മലയാളം

### ഉള്ളടക്കം

1. ആമുഖം
2. പ്രവർത്തനങ്ങൾ
3. മലയാള മധുരം
4. സംയുക്ത ഡയറി
5. പാട്ടരങ്ങ്
6 റീഡേഴ്സ് തിയേറ്റർ
7 ക്ലാസ്സ് പത്രം
8 രചനോത്സവം
9. ഭാഷോത്സവം

# ആമുഖം

ഒന്നാം ക്ലാസ്സിൽ നിന്ന് രണ്ടാം ക്ലാസ്സിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസ്സിലും അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

## വിദ്യാലയത്തിൽ
## പ്രതിഫലിക്കുന്ന മാറ്റം

1) ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക മാസ്റ്റർപ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ 2-10 ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും വായിക്കുന്നതിനും എഴുതുന്നതിനും കഴിവ് നേടുന്നു.

2) രക്ഷിതാക്കളുടെ സഹായത്തോടെ സംയുക്ത ഡയറി എഴുത്ത് തുടരുകയും. കുട്ടികൾ സ്വതന്ത്ര രചയിതാക്കൾ ആവുകയും ചെയ്യും.

3) റീഡേഴ്സ് തിയേറ്ററിലൂടെ വായനയുടെ ലോകത്തിലേക്ക് കുട്ടികളെ എത്തിക്കും.

4. രക്ഷാബന്ധനോത്സവങ്ങൾ, ദേശോത്സവങ്ങൾ എന്നിവ സംഘടിപ്പിക്കും.

5. പാട്ടരങ്ങ് സംഘടിപ്പിച്ച് കുട്ടികളിലെ ആത്മധൈര്യം സൃഷ്ടിക്കും.

# പ്രവർത്തന കലണ്ടർ

| പരിപാടിയുടെ പേര് | നിർവഹണ കാലം |
| --- | --- |
| പ്രവർത്തന കലണ്ടർ | മെയ് |
| സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| റീഡേഴ്സ് തിയറ്റർ | ജൂൺ - മാർച്ച് |
| ക്ലാസ് പത്രം | ആഗസ്റ്റ് മുതൽ |
| രചനോത്സവം | ഫെബ്രുവരി |
| നാടകോത്സവം | ഫെബ്രുവരി |

# സംയുക്ത ഡയറി

രക്ഷിതാവിന്റെ ടീച്ചറുടെ
സഹായത്തോടെ ദൈനംദിന അനുഭവ-
ങ്ങളെ ആശയം ഉൾക്കൊണ്ട് എഴുതുന്ന-
തിന് കുട്ടികൾക്ക് കഴിയുന്നു. ലളിത-
മായ വരികളിലൂടെ കുട്ടികൾ ഡയറി
എഴുതുന്നു

## ലക്ഷ്യം

സ്വന്തം അനുഭവങ്ങൾ എഴുതാൻ
കഴിയുന്നു.

## വിലയിരുത്തൽ

1. എല്ലാ രക്ഷിതാക്കളുടെയും സഹായം
ഉറപ്പു വരുത്തിയിട്ടുണ്ട്
2. സർഗാത്മക ശേഷി വികസനത്തിനുള്ള
കഴിവുകൾ ഉറപ്പു വരുത്തിയിട്ടുണ്ട് .
3. രചനോത്സവത്തിന്റെ ഭാഗമായി
കിട്ടിയ സ്വതന്ത്ര രചനകൾ
പൊതുസമൂഹമായും
രക്ഷിതാക്കളുമായി പങ്ക് വെക്കുന്നു.
കുട്ടികളിൽ താൽപര്യം
വർധിപ്പിക്കും.

# ക്ലാസ് പത്രം

ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠനതന്ത്രമാണ് ക്ലാസ് പത്രം. ഒരു കൂട്ടെഴുത്തിന്റെ പ്രതിഫലമാണ് ക്ലാസ്സ് പത്രം. പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറു വാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്താനുള്ള കഴിവ് നേടാം.

## ലക്ഷ്യം

- രചനാശേഷി പരിപോഷിപ്പിക്കുന്നു.
- തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവ് നേടുന്നു
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു.

## പാട്ടരങ്ങ്

ഭാഷാ പഠനത്തിൽ താളത്തിന് വളരെ അധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താള ബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.

## ലക്ഷ്യം

താളം മനസിലാക്കി പാഠഭാഗത്തിലെ മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

സംഘമായും ഒറ്റക്കും ആസ്വാദനം, ആവിഷ്കാരം

## വിലയിരുത്തൽ

- കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കൾക്ക് പങ്ക് വെക്കും.
- കുട്ടികളിലെ പാട്ടരങ്ങിലെ മികവ് മനസ്സിലാക്കുന്നു

## റീഡേഴ്സ് തിയേറ്റർ

ലഘുവിവരണങ്ങൾ, കഥകൾ കുട്ടികവിതകൾ സംഭാഷണം തുടങ്ങിയവ ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം. വൈവിധ്യമുള്ള പാഠങ്ങൾ അവതരിപ്പിച്ച് ഡ്രാമാറ്റിക്കുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ

### ലക്ഷ്യം

- എല്ലാ കുട്ടികളെയും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നു.
- എല്ലാവരും മികച്ച വായനക്കാരായി മാറുന്നു

### പ്രവർത്തനഘട്ടങ്ങൾ

- ഏകദിന റീഡേഴ്സ് തിയേറ്റർ ശിൽപശാല
- എല്ലാ കുട്ടികളെയും പങ്കാളിയാക്കി പാഠഭാഗങ്ങൾ, ലഘുകൃതികൾ എന്നിവ റീഡേഴ്സ് തിയേറ്ററിൽ അവതരിപ്പിക്കുക

# ഭാഷോത്സവം

2-10 ക്ലാസ്സിലെ മുഴുവൻ കുട്ടികളേയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും

## ലക്ഷ്യം

* ആത്മ വിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിന് ഉള്ള അവസരം ഒരുക്കുന്നു
* ആശയങ്ങളെ/ അനുഭവങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു
* ഭാഷാപഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു

# English

| | Activity | Month | finance |
|---|---|---|---|
| 1. | Rhymes | June - march | PTA SRG |
| 2. | Readers theature | July - february | SRG |
| 3. | News | Aug - feb | PTA parents |
| 4. | Language games | June - march | Parents SRG |
| 5 | Mikavulsavam | march | SRG BRC Nattukar |

# ഗണിതം

| പ്രവർത്തനത്തിന്റെ പേര് | മാസം |
| --- | --- |
| 1. ഗണിതപാട്ട് | ജൂൺ - ഫെബ്രുവരി |
| 2. ഗണിതകേളി | " |
| 3 പസ്സിലുകൾ | " |
| 4. പാറ്റേൺ നിർമ്മാണം | " |
| 5 കലണ്ടർ | " |
| 6 മാസങ്ങൾ | " |
| 7. സങ്കലനം വ്യവകലനം, ഗുണനം ഹരണം ഇവ ഉൾപ്പെടുത്തിയ കളികൾ | " |
| 8 ജ്യാമിതിയ രൂപങ്ങൾ | " |
| 9. അളവുകൾ | " |
| 10 മനക്കണക്ക് | |
| 11 നാണയങ്ങളും നോട്ടുകളും | " |
| 12 മികവുത്സവം | " |
| | മാർച്ച് |

# പരിസര പഠനം

| പ്രവർത്തനങ്ങൾ | മാസം | ചുമതല |
|---|---|---|
| 1. പ്രകൃതി നടത്തം | ജൂൺ | അധ്യാപകർ |
| 2. നിരീക്ഷണം | ജൂൺ - മാർച്ച് | ,, |
| 3. പോസ്റ്റർ രചന | ,, | ,, |
| 4. പരീക്ഷണം | ,, | ,, |
| 5 വിവിധ തൊഴിലുകൾ ശേഖരിച്ച് പട്ടികപ്പെടുത്തൽ | ,, | ,, |
| 6 ICT പതിപ്പ് തയ്യാറാക്കൽ ദേശീയ പതാക നിർമ്മാണം പ്ലക്കാർഡ് | ,, | ,, |

G.D.M.L.P. SCHOOL VALAPAD BEACH

BEJOY. C.K
PEN:603843
HEADMASTER
GDMLPS VALAPAD BEACH

| Days | 1 | 2 | 3 | 4 | | | | |
|---|---|---|---|---|---|---|---|---|
| Monday | malayalam | English | Arabic | spoken english | maths | maths | EVS | PT |
| Tuesday | English | English | Arabic | malayalam | maths | maths | EVS | work experience |
| Wednesday | malayalam | malayalam | maths | EVS | english | work experience | maths | IT |
| Thursday | English | spoken english | Arabic | malayalam | maths | maths | EVS | EVS |
| Friday | malayalam | malayalam | English | work experience | maths | IT | malayalam | Sargavela |

BEJOY. C.K
PEN: 603843
HEADMASTER
GDMLPS VALAPAD BEACH

G.D.M.L.P.S VALAPAD BEACH PIN: 680 567

# അക്കാദമിക് മാസ്റ്റർ പ്ലാൻ

STD III

# FIRST TERM PLAN - MALAYALAM.

| പഠനലക്ഷ്യങ്ങൾ | പ്രവർത്തനം | പഠനോപകരണങ്ങൾ | സമയം | പഠനോല്പന്നം. |
|---|---|---|---|---|
| Unit I കനകച്ചിലങ്ക.<br>* കവിത താളം പിടിച്ച് ഈണത്തിൽ ചൊല്ലി ആസ്വദിക്കാൻ കഴിയുന്നു.<br>* വായ്ത്താരി, നാടൻപാട്ട് ഒറ്റയ്ക്കും സംഘമായും പാടി ആസ്വദിക്കൽ.<br>* കഥ, കടങ്കഥ അവതരണം<br>* വിവിധതരം കലാരൂപങ്ങൾ പരിചയപ്പെടൽ. | പല ഈണത്തിലും താളത്തിലുമുള്ള കവിതകൾ കേൾപ്പിക്കുന്നു.<br>വായ്ത്താരികൾ അവതരണം - നാടൻപാട്ട് കൂട്ടത്തിൽ വരികൾ ചേർക്കൽ.<br>നാടോടിക്കഥകൾ കടങ്കഥകൾ അവതരണം<br>കടങ്കഥ പയറ്റ്<br>കലാരൂപങ്ങൾ പരിചയപ്പെടൽ [ICT] | ശേഖരിച്ചുവച്ചിട്ടുള്ള കവിതകൾ ICT<br>ICT ഉപയോഗിച്ച് വായ്ത്താരികൾ, നാടൻ പാട്ടുകൾ അവതരണം.<br>നാടോടിക്കഥകൾ പറയൽ കടങ്കഥകൾ ശേഖരിച്ചത്.<br>ICT, Cut out. | ജൂൺ | സ്വന്തം കവിതകൾ ശേഖരണം<br>വായ്ത്താരികൾ, നാടൻപാട്ട് ശേഖരണം [പതിപ്പ്]<br>കടങ്കഥ പതിപ്പ്<br>നാടോടിക്കഥകൾ ശേഖരണം<br>കലാരൂപങ്ങൾ ചിത്രങ്ങൾ ഒട്ടിക്കൽ. |
| Unit II - പലഹാരപ്പൊതി<br>* വിവിധതരം പലഹാരങ്ങൾ പരിചയപ്പെടൽ<br>* ഭക്ഷണം പങ്കുവെച്ച് കഴിക്കണം - ആരോഗ്യം. | കുട്ടികൾ പലഹാരങ്ങൾ കൊണ്ടുവരുന്നു.<br>പലഹാരപ്പേരുകൾ<br>പലഹാരക്കുറിപ്പ്<br>പലഹാരമൊഴികൾ<br>ആരോഗ്യത്തിന്, ഗുണങ്ങൾ - | പലഹാര ചാർട്ട്<br>പലഹാര പാട്ടുകൾ<br>പലഹാരമൊഴികൾ.<br>പലഹാരങ്ങൾ | ജൂലൈ | പലഹാര പതിപ്പ്<br>പാചകക്കുറിപ്പ്. |

| പഠനലക്ഷ്യങ്ങൾ | പ്രവർത്തനം | പഠനോപകരണങ്ങൾ | സമയം | പഠനേട്ടങ്ങൾ |
|---|---|---|---|---|
| * കത്ത് - രചനാ തന്ത്രങ്ങൾ<br>* ശുചിത്വ സന്ദേശ പോസ്റ്ററുകൾ തയ്യാറാക്കൽ.<br>* ഹരിതകർമ്മ സേനാംഗങ്ങൾക്കുള്ള ക്ഷണക്കത്ത്.<br>* പ്ലാസ്റ്റിക് വലിച്ചെറിയുന്നതുകൊണ്ടുള്ള ദോഷങ്ങൾ ബോധ്യപ്പെടുത്തൽ. | ക്ഷണക്കത്തുകൾ കുട്ടികളെ പരിചയപ്പെടുത്തുന്നു.<br>ശുചിത്വ സന്ദേശ പോസ്റ്ററുകൾ തയ്യാറാക്കുന്നു.<br>പ്ലാസ്റ്റിക് വലിച്ചെറിയുന്നതുകൊണ്ട് [illegible] [illegible] [illegible] ഉണ്ടാകുന്നതിനെക്കുറിച്ച് തയ്യാറാക്കുന്നു.<br>ഹരിതകർമ്മ സേനാംഗങ്ങളെ സ്കൂളിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള കത്ത്. | ക്ഷണക്കത്തുകൾ<br>പോസ്റ്റർ കാർഡുകൾ<br>വിവിധതരം പോസ്റ്ററുകൾ | 1 മണിക്കൂർ | ക്ഷണക്കത്തുകൾ<br>ശുചിത്വ പോസ്റ്ററുകൾ |

| പഠനലക്ഷ്യങ്ങൾ | പ്രവർത്തനം | പഠനോപകരണങ്ങൾ | സമയം | പഠനോല്പന്നം. |
|---|---|---|---|---|
| Unit 3- മനുഷ്യന്റെ കൈകൾ<br>* എല്ലാ ജീവികൾക്കും വാസസ്ഥലങ്ങൾ ഉണ്ട്- എന്ന് തിരിച്ചറിയുന്നു.<br>* വീടുണ്ടാക്കാൻ പല തൊഴിലുകൾ ചെയ്യുന്ന ആളുകളുടെ സഹായം ആവശ്യമാണെന്ന് ബോധ്യപ്പെടുന്നു.<br>* വിവിധതരം തൊഴിലുകൾ ഉണ്ടെന്നും ഇതിൽ ഒറ്റയ്ക്ക് ചെയ്യുന്നതും കൂട്ടായി ചെയ്യുന്നതുമായ തൊഴിലുകൾ ഉണ്ടെന്ന് മനസ്സിലാക്കുന്നു.<br>* അടുക്കള- ജോലികൾ വിവിധയിനം- സഹായിക്കൽ. | ജീവികൾ കൂടുകൾ ഉണ്ടാക്കുന്നത് ICT ഉപയോഗിച്ച് കാണിക്കുന്നു. കുരുവിക്കൂട്, തേൻ, വേട്ടാളൻ, തേനീച്ച etc.<br>വീട് നിർമ്മാണഘട്ടങ്ങൾ - വീഡിയോ<br>എല്ലാം തൊഴിലുകൾ - ചർച്ച.<br>ഒറ്റയ്ക്കും കൂട്ടായും ചെയ്യുന്ന തൊഴിലുകൾ പട്ടികപ്പെടുത്തൽ.<br>തൊഴിൽ വാക്കുകൾ പദങ്ങളാക്കുക<br>അടുക്കള ജോലികൾ കുട്ടികൾ ഓർമിച്ച് പറയൽ | ICT<br>ICT- വീട് നിർമ്മാണം<br>ICT, ചിത്രങ്ങൾ | ഒരാഴ്ച. | വിവിധതരം കൂടുകൾ ചിത്രം - ശേഖരണം ആൽബം തയ്യാറാക്കൽ.<br>വീട് നിർമ്മാണം- [illegible]<br>അടുക്കള ഉപകരണങ്ങൾ ചിത്രങ്ങൾ ഒട്ടിച്ച് ആൽബം തയ്യാറാക്കൽ. |

TERM PLAN MATHEMATICS



| പഠനലക്ഷ്യങ്ങൾ | പ്രവർത്തനം | പഠനോപകരണങ്ങൾ | സമയം | പഠനോത്പന്നം. |
|---|---|---|---|---|
| Unit 1 ആടുകൾ വളർത്താം.<br>* വിവിധ തരം ആടുകൾ പരിചയപ്പെടൽ. | പലതരം ആടുകളുടെ ഫോട്ടോകൾ List ചെയ്യിക്കുന്നു. (പ്രദർശിപ്പിക്കുന്നു.) അതിൽ നിന്നും ആടുകൾ ഉണ്ട് എന്ന് കുട്ടികൾ കണ്ടെത്തി പറയുന്നു. | വിവിധ ആടുകളുടെ ചിത്രങ്ങൾ. | ഒരാഴ്ച | ആടുകൾ ഒട്ടിച്ച് ഉണ്ടാക്കിയ ചാർട്ട്-ആൽബം. |
| Unit 2 - സംഖ്യകൾ കൂട്ടിക്കൂ<br>* 1 മുതൽ 100 വരെ സംഖ്യാബോധം.<br>* ഒരു സംഖ്യയെ നൂറിന്റെ കൂട്ടങ്ങളായി എഴുതാം.<br>* അബാക്കസ് ഉപയോഗിച്ച് സംഖ്യകൾ ചിത്രീകരിക്കൽ | സ്കൂൾ സ്റ്റോറിലെ സാധനങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നു. 100 രൂപക്ക് എത്ര സാധനങ്ങൾ വാങ്ങാം എന്ന് കണ്ടെത്തുന്നു.<br>400+300<br>[ 700 ]<br>അബാക്കസിൽ സംഖ്യകൾ ചിത്രീകരിക്കുന്നു സ്ഥാനവില മനസ്സിലാക്കുന്നു. | വിലവിവരപ്പട്ടിക.<br>സംഖ്യാകാർഡുകൾ<br>അബാക്കസ്<br>സംഖ്യാകാർഡുകൾ സ്ഥാനവില പോക്കറ്റ്. | ഒരാഴ്ച | വിലവിവരപ്പട്ടിക.<br>ചാർട്ട്.<br>അബാക്കസ്. |

| പഠനലക്ഷ്യങ്ങൾ | പ്രവർത്തനം | പഠനോപകരണങ്ങൾ | സമയം | പഠനോത്പന്നം. |
|---|---|---|---|---|
| 1000 വരെ അക്കത്തിലും അക്ഷരത്തിലും എഴുതൽ. | 100ഉം 1ഉം 101 എന്ന് കാണിക്കുന്നു. അത് അക്കത്തിലും അക്ഷരത്തിലും എഴുതുന്നു. 100ന്റെ 1 കെട്ട് 10ന്റെ 1 കെട്ട് 1ഉം ചേർന്നാൽ 111 എന്ന് മനസ്സിലാക്കുന്നു. | കമ്പ് കെട്ടുകൾ<br>സംഖ്യാകാർഡുകൾ<br>അക്കത്തിൽ, അക്ഷരത്തിൽ എഴുതിയത്. | 3 പിരീഡ് | സംഖ്യാകാർഡുകൾ. |
| Unit 3 - ആയിരം ആയിരം<br>നിലവിലുള്ള നോട്ടുകൾ പരിചയപ്പെടുന്നു.<br>സ്ഥാനവിലകൾ<br>1000 മുതൽ 2000 വരെയുള്ള സംഖ്യാബോധം.<br>ഗണനം തുടക്കസംഖ്യയും ഒടുക്കസംഖ്യയും തമ്മിൽ | നോട്ടുകൾ പരിചയപ്പെടുന്നു.<br>അബാക്കസ് ഉപയോഗിച്ച് ഉറപ്പിക്കുന്നു.<br>ഗണനം വരുന്ന സന്ദർഭങ്ങൾ സൃഷ്ടിക്കുന്നു. | കളിനോട്ടുകൾ<br>അബാക്കസ്.<br>ഗണനപട്ടിക. | | കളിനോട്ടുകൾ- ശേഖരം<br>അബാക്കസ്<br>ഗണനപട്ടിക ചാർട്ട്. |

BEJOY. C.K
PEN: 603843
HEADMASTER
G D M L P S VALAPAD BEACH

G.D.M.L.P. SCHOOL PIN:680 567 VALAPAD BEACH

TERM PLAN ENGLISH



| Learning Objectives | Activities | Teaching Aids | Time | Learning Output. |
|---|---|---|---|---|
| Unit-1 Tender Touch. To develop the ability to make conversation. | Creating a situation for conversation. | Mask, speech bubbles. | | Conversation Chart. |
| * Arrange the events in the story. | Giving parts of story chart and ask the pupil to arrange them in order. | Story chart. | June | Story chart. |
| * Picture description | Give more opportunity to students for description. | pictures | June | |
| * Names of kitchen utensils. | Kitchen visit | kitchen utensils | | Kitchen utensils Chart. |

| arning objectives | Activities | Learning Materials. | Time | Learning output. |
|---|---|---|---|---|
| Unit 2- Festive Fun. | | | | |
| * Know about the sea beings. | pictures of sea beings. ICT | | | |
| * Love and affection towards fellow beings | story. | Role play. | | |
| * classification of fruits and vegetables | Fruits and vegetables on the table. Tr ask the students to classify them. | Fruits and vegetables. | July | Fruits, vegetables Album. |
| * poster making regarding plastic pollution. | poster making. | crayons, marker, paper. | | posters. |
| * preparation of Birthday card. | Give instructions to make Birthday cards to all students. | Marker, paper, Crayons. | BEJOY. C.K PEN:603843 HEADMASTER | Birthday card 25/6/15 |

# TERM PLAN EVS. (8)

| പഠനലക്ഷ്യങ്ങൾ | പ്രവർത്തനം | പഠനോപകരണങ്ങൾ | സമയം | പഠനോല്പന്നം. |
|---|---|---|---|---|
| Unit 1 പറിച്ചെടുത്തി<br>ചെടികൾ - ഭാഗങ്ങൾ, നടീൽ വസ്തുക്കൾ തിരിച്ചറിയൽ.<br>വേര് - മൂലം<br>തണ്ട് - കാണ്ഡം<br>ഇല - പത്രം | ചെടി കൊണ്ടുവന്ന് ഭാഗങ്ങൾ പരിചയപ്പെടുത്തുന്നു. ഓരോ ഭാഗങ്ങളുടേയും ധർമ്മങ്ങൾ ചർച്ച ചെയ്യുന്നു. നടീൽ വസ്തുക്കൾ - ചർച്ച.<br>പരീക്ഷണം - മഷിയിലെ ചെടി. | ചെടി<br>നടീൽ വസ്തുക്കൾ<br>മഷിയിട്ട ചെടി<br>ഗ്ലാസ്, മഷി. | ഒരാഴ്ച | ചെടിയുടെ ഭാഗങ്ങൾ അടയാളപ്പെടുത്തിയ ചാർട്ട്. |
| സസ്യങ്ങളെ കുറ്റിച്ചെടികൾ, മരങ്ങൾ, ഔഷധികൾ, വള്ളിച്ചെടികൾ എന്നിങ്ങനെ തരം തിരിക്കാം. പ്രത്യേകതകൾ കണ്ടെത്താം. | സസ്യങ്ങൾ മരങ്ങൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ തിരിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു. | വിദ്യാലയ പരിസരം. | | സസ്യങ്ങളുടെ തരം തിരിവ് ഉൾപ്പെടുത്തിയ ചാർട്ട്. |
| വിവിധതരം പൂക്കൾ | പൂക്കളെ പരിചയപ്പെടുത്തുന്നു. | പൂക്കൾ | | പൂക്കളുടെ ചിത്രം ഒട്ടിച്ച് തയ്യാറാക്കിയ ചാർട്ട്. |
| പൂക്കാത്ത സസ്യങ്ങളും ഉണ്ട്. | പൂക്കാത്ത സസ്യങ്ങൾ കാണിക്കുന്നു. | ICT | | |

| പഠനലക്ഷ്യങ്ങൾ | പ്രവർത്തനം | പഠനോപകരണങ്ങൾ | സമയം | പഠനോല്പന്നം |
|---|---|---|---|---|
| Unit 2 - ജന്തുലോകത്തേക്ക് | | | | |
| * വളർത്തുജീവികളെ തിരിച്ചറിയുകയും അവ കൊണ്ടുള്ള പ്രയോജനങ്ങൾ മനസ്സിലാക്കുന്നു. | വളർത്തുജീവികളുടെ ഫോട്ടോകൾ കുട്ടികൾ പറയുന്നു. അവകൊണ്ടുള്ള ഉപകാരങ്ങൾ - ചർച്ച. | വളർത്തുജീവികളുടെ ചാർട്ട് ICT | | വളർത്തുജീവികൾ - ചാർട്ട്. |
| * സ്കൂൾ പരിസരത്തുള്ള ചെറുജീവികളെ നിരീക്ഷിക്കുന്നു. | ലെൻസ് ഉപയോഗിച്ച് സ്കൂൾ പരിസരത്തുള്ള ചെറുജീവികൾ നിരീക്ഷണം. | ലെൻസ്. | 3 പിരീഡ് | |
| * സഞ്ചാരരീതിയനുസരിച്ച് ജീവികളെ തരം തിരിക്കുന്നു. | ICT ഉപയോഗിച്ച് സഞ്ചാരരീതി മനസ്സിലാക്കുന്നു. നടക്കുന്നവ / ഇഴയുന്നവ പറക്കുന്നവ / നീന്തുന്നവ | ICT | | സഞ്ചാരരീതി - ചാർട്ട്. |

| പഠനലക്ഷ്യങ്ങൾ | പ്രവർത്തനം | പഠനോപകരണങ്ങൾ | സമയം | പഠനോല്പന്നം |
| --- | --- | --- | --- | --- |
| Unit 2 - ജന്തുലോകത്തേക്ക് | | | | |
| * വളർത്തുജീവികളെ തിരിച്ചറിയുകയും അവ കൊണ്ടുള്ള പ്രയോജനങ്ങൾ മനസ്സിലാക്കുന്നു. | വളർത്തുജീവികളുടെ ഫോട്ടോകൾ കുട്ടികൾ പറയുന്നു. അവകൊണ്ടുള്ള ഉപകാരങ്ങൾ - ചർച്ച. | വളർത്തുജീവികളുടെ ചാർട്ട്, ICT | | വളർത്തുജീവികൾ - ചാർട്ട്. |
| * സ്കൂൾ പരിസരത്തുള്ള ചെറുജീവികളെ നിരീക്ഷിക്കുന്നു. | ലെൻസ് ഉപയോഗിച്ച് സ്കൂൾ പരിസരത്തുള്ള ചെറുജീവികൾ നിരീക്ഷണം. | ലെൻസ്. | | |
| * സഞ്ചാരരീതിയനുസരിച്ച് ജീവികളെ തരംതിരിക്കുന്നു. | ICT ഉപയോഗിച്ച് സഞ്ചാരരീതി മനസ്സിലാക്കുന്നു. നടക്കുന്നവ / ഇഴയുന്നവ പറക്കുന്നവ / നീന്തുന്നവ | ICT | 3 മണിക്കൂർ | സഞ്ചാരരീതി - ചാർട്ട്. |

| പഠനലക്ഷ്യങ്ങൾ | പ്രവർത്തനം | പഠനോപകരണങ്ങൾ | സമയം | പഠനോൽപ്പന്നങ്ങൾ. |
|---|---|---|---|---|
| * ജീവികളെ ആഹാര രീതിയനുസരിച്ച് തരംതിരിക്കുന്നു. | സസ്യാഹാരികൾ കണ്ടെത്തുന്നു. മാംസാഹാരികൾ, മിശ്രാഹാരികൾ ചർച്ച. ഓരോ വിഭാഗങ്ങൾക്കുമുള്ള ശാരീരിക സവിശേഷതകളും ചർച്ചയിലൂടെ മനസ്സിലാക്കുന്നു. | ICT ചിത്രചാർട്ട്. | 2 മണിക്കൂർ. | ജീവികൾ - വിഭാഗങ്ങൾ ചാർട്ട്. |
| * ചിത്രശലഭം വളർച്ചാഘട്ടങ്ങൾ - പോലുകൾ. | പ്രാണികളുടെ വളർച്ചാ ഘട്ടങ്ങൾ നിരീക്ഷിക്കൽ. | ICT ഉപയോഗിച്ച് പ്രാണികളുടെ ജീവിതചക്രം പരിചയപ്പെടുത്തുന്നു. | | പ്രാണി ജീവിതചക്രം ചാർട്ട്. |

| പഠനലക്ഷ്യങ്ങൾ | പ്രവർത്തനം | പഠനോപകരണങ്ങൾ | സമയം | പഠനേട്ടങ്ങൾ |
|---|---|---|---|---|
| Unit 3 - ജലവും മണ്ണും<br>* മണ്ണിലെ പാളികൾ തിരിച്ചറിയുന്നു. | സ്കൂളിന്റെ പല ഭാഗങ്ങളിൽനിന്നും എടുത്ത മണ്ണിൽ ജലത്തിന്റെ അളവ് പരിശോധന. | മണ്ണ്, ചില്ല് ഗ്ലാസ് | | മണ്ണിൽ ഒരു പാട് പാളികൾ ഉണ്ട് എന്ന് മനസ്സിലാക്കുന്നു. |
| * മഴമാപിനി ഉണ്ടാക്കൽ | മഴമാപിനി ഉണ്ടാക്കുന്നു. [മഴയുടെ അളവ് അറിയുന്നതിന്] | പ്ലാസ്റ്റിക് കുപ്പി, ഉരുളൻ സ്കെയിൽ. | ഒരു മണിക്കൂർ | |
| * ജലം ശുദ്ധീകരിക്കൽ | കലക്കവെള്ളത്തെ ശുദ്ധീകരിക്കുന്ന വിധം കാണിക്കുന്നു. | ചിരട്ട - ചരൽ - മണൽ, ചിരട്ടക്കരി. | | |
| * മണ്ണിലെ വായു, ജലാംശം, ജൈവാംശം തിരിച്ചറിയുന്നതിന്. | പരീക്ഷണങ്ങൾ<br>മണ്ണിലെ വായു.<br>ജലാംശം<br>ജൈവാംശം. | ഉണങ്ങിയ മൺകട്ടകൾ ഗ്ലാസ്, കുപ്പി, മണ്ണ്. | | |

X2)

| പഠനലക്ഷ്യങ്ങൾ | പ്രവർത്തനം | പഠനോപകരണങ്ങൾ | സമയം | പഠനോത്പന്നം. |
|---|---|---|---|---|
| * മണ്ണ് കൊണ്ടുള്ള പ്രയോജനങ്ങൾ തിരിച്ചറിയുന്നു. | മണ്ണ് കൊണ്ടുള്ള പ്രയോജനങ്ങൾ - ചർച്ച | മണ്ണ് | | |
| * മണ്ണ് കൊണ്ടുണ്ടാക്കുന്ന ഉൽപന്നങ്ങൾ തിരിച്ചറിയുന്നു. | കളിമണ്ണ് കൊണ്ട് ഉണ്ടാക്കുന്ന രൂപങ്ങൾ നിർമ്മിക്കൽ | മണ്ണ് | | രൂപങ്ങൾ [മണ്ണ് കൊണ്ട്] |
| മണ്ണ് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത. | പോസ്റ്റർ നിർമ്മാണം | | | പോസ്റ്റർ. |

G.D.M.L.P. SCHOOL PIN:680 567 VALAPAD BEACH

BEJOY. C.K
PEN:603843
HEADMASTER
G D M L P S VALAPAD BEACH

[illegible]

2025-26. 5 STD [V]

| | | | | |
|---|---|---|---|---|
| ഗണിതലാബ് | | | | |
| ഗണിത പഠന പ്രവർത്തനം സജ്ജമാക്കൽ | ഗണിത ലാബ് ഒരുക്കൽ. പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | H.M SRG | PTA |
| ഗണിത ചുമർ | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PPA |
| ഗണിത മേള | | | | |
| ഗണിത പേടി മാറ്റുവാൻ പ്രോത്സാഹനം | പ്രശ്നോത്തരി ക്ലാസിൽ പാടേണ്ട പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | P.T.A |

| കളിക്കാം... ഗണിതം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ . . . . മൂല്യനിർണയം | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ |
| ഒറിഗാമിയിലൂടെ പഠിക്കാം | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | ഒറിഗാമി നിർമ്മാണം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ |

G.D.M.L.P.S. PIN:68... VALAPAD

BEJOY C.K
PEN:603843
HEADMASTER
G D M L P S VALAPAD BEAC

പ്രകൃതി നടത്തം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം - അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ് | ആവശ്യാനുസരണം | H.M<br>CPTA | PTA |
| ശാസ്ത്രമേള | | | | |
| ശാസ്ത്ര പഠനം രസകരമാക്കാൻ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ശേഖരിച്ച് ഉപകരണങ്ങൾ സംഘടിപ്പിക്കൽ | വർഷാരംഭത്തിൽ | H.M<br>SRG ക്ലാസ് ടീച്ചർ. | PTA<br>SSA |
| ശാസ്ത്രയാത്ര. | | | | |
| അന്വേഷണ ത്വര വളർത്തൽ | വന നിരീക്ഷണ കേന്ദ്രം, സയൻസ് പ്ലാനറ്റോറിയം മുതലായവ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| ഭൂപടവൽക്കരണം. | | | | |
| കേരളം - ഇന്ത്യ ഭൂപടവായന... സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര വിസ്മയ ചർച്ച | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര മാസിക. | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന. | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM SRG | PTA |

G.D.M.L.P. SCHOOL PIN:680 567 VALAPAD BEACH

BEJOY. C.K
PEN:603843
HEADMASTER
GDMLPS VALAPAD BEA

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് : IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് പദ പ്രയോഗം വഴി ...നും സംസാരി ...നും എഴുതാ ...നുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ട് ദിവസം അസംബ്ലി ചേരൽ (അസംബ്ലി ഒരു ആഴ്ചവരെ നിലനിർത്തണം കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഡയറി | | | | |
| എല്ലാവരെ ഇംഗ്ലീഷ് എഴുതാനു- ള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ മൂന്ന് ദിവസം (വർഷം) മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ<br>സഭാകമ്പം പരിഹരിക്കാൻ | ഇംഗ്ലീഷ് പാഠഭാഗങ്ങൾ വ്യവഹാര രൂപങ്ങ- ളാക്കി അവതരിപ്പിക്കൽ (Skit, Drama, സംഭാഷണം) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് വായനയിൽ<br>സർഗാത്മകത<br>ചോദ്യോത്തരം | ഒന്നാം ക്ലാസ് മുതൽ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് വാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരി- ക്കൽ | H.M<br>Class teacher | SMC |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ | ആഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ് ഇംഗ്ലീഷ് നന്നായി പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം സൃഷ്ടിക്കൽ | വായനാ മത്സരം രചനാ മത്സരം മറ്റ് സർഗാത്മക പ്രവർത്തന അനുബന്ധ അവതരണം | അവധിക്കാലം | | |

G.D.M.L.P. SCHOOL • PIN:680 567 • VALAPAD BEACH

BEJOY. C.K
PEN:603843
HEADMASTER
G D M L P S VALAPAD BEACH

ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം. | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ വളർച്ച | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനാ കുറിപ്പ്. | വർഷം മുഴുവൻ | Class Teacher | PTA |

| | | | | |
|---|---|---|---|---|
| ഉത്പന്ന ശേഖരം | | | | |
| ഉത്പന്നം ശേഖരിക്കൽ | പാഠഭാഗത്തിൽ നിന്നും പാഠ്യേതര വർത്തമാനത്തിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG, class teacher | PTA. |
| എഴുത്തുകാരനായി സംവദിക്കൽ<br>വായന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി നേരിട്ട് സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |
| അഭിനയിച്ചറിയാം... | | | | |
| നമ്മുടെ പ്രാചീന (നാടൻ) കലകൾ പരിചയപ്പെടൽ | കൂത്ത് [illegible] [illegible] നിയ പഠിപ്പ് | വർഷത്തിലൊരു | SRG. | |

| | | | | |
|---|---|---|---|---|
| ഓർക്കാം - അറിവിനെ | | | | |
| സാഹിത്യകാരന്മാരുടെ ജന്മ - ചരമദിനങ്ങൾ സംബന്ധിച്ചവ അറിയൽ | പുസ്തക പരിചയം ജീവചരിത്രക്കുറിപ്പ് നിർമ്മാണം | ആവശ്യാനുസരണം | SRG class Peacher | |
| കലകൾ<br>പാരമ്പര്യവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | H.M<br>SRG | |

BEJOY. C.K
PEN: 603[illegible]
HEADMASTER
GDMLPS VALAPAD BEACH